ENTRI

1 Crore User Downloads

# CURRENT AFFAIRS 09 JUNE 2024



ഒലെഗ് കൊനോനെങ്കോ



ശാംഭവി ചൗധരി



- **1000 ദിവസം ബഹിരാകാശത്ത് ചെലവഴിച്ച ആദ്യ വ്യക്തി എന്ന നേട്ടം സ്വന്തമാക്കിയ റഷ്യൻ ബഹിരാകാശ സഞ്ചാരി**
  ഒലെഗ് കൊനോനെങ്കോ

---

- **ലോക്സഭാ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗം എന്ന നേട്ടം സ്വന്തമാക്കിയത്**
  ശാംഭവി ചൗധരി
  - വടക്കൻ ബിഹാറിലെ സമസ്തിപൂർ മണ്ഡലത്തിൽ നിന്നാണ് 25 വയസ്സുള്ള ശാംഭവി ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

---

- **ഭക്ഷ്യസുരക്ഷാ വകുപ്പിൽ വിവിധ പേരുകളിലറിയപ്പെടുന്ന ഓപ്പറേഷനുകൾ ഇനി മുതൽ അറിയപ്പെടുന്ന ഒറ്റ പേര്**
  ഓപ്പറേഷൻ ലൈഫ്

---

- **കൊറിയ എയ്റോസ്പേസ് അഡ്മിനിസ്ട്രേഷൻ (KASA) എന്ന ബഹിരാകാശ ഏജൻസി ഔദ്യോഗികമായി ആരംഭിച്ച രാജ്യം**
  ദക്ഷിണ കൊറിയ

---

- **2024 ജൂണിൽ വിജയകരമായി പരീക്ഷിച്ച ലോകത്തിലെ ഏറ്റവും വലുതും കരുത്തുറ്റതുമായ റോക്കറ്റ്**
  സ്റ്റാർഷിപ്പ്
  - ടെക്സസിലെ ബോകാചികയിലുള്ള സ്പെയ്സ് എക്സിന്റെ സ്റ്റാർബേസ് ബഹിരാകാശകേന്ദ്രത്തിൽനിന്നായിരുന്നു വിക്ഷേപണം.
  - നൂറ് സഞ്ചാരിക്കൾക്ക് ഇരിക്കാവുന്ന സ്റ്റാർഷിപ്പ് പേടകം, സൂപ്പർ ഹെവി ബൂസ്റ്റർ എന്നിവ ചേർന്നതാണ് സ്റ്റാർഷിപ്പ് റോക്കറ്റ്.
  - ഭൂമിയുടെ ഭ്രമണപഥത്തിലേക്കും ചന്ദ്രനിലേക്കും ചൊവ്വയിലേക്കും അതിനപ്പുറത്തേക്കും മനുഷ്യരെയും ചരക്കുകളും കൊണ്ടുപോകുന്നതിനായി രൂപകല്പന ചെയ്തതാണ് സ്റ്റാർഷിപ്പ് ബഹിരാകാശവാഹനം.
  - ഇലോൺ മസകിന്റെ ഉടമസ്ഥതയിലുള്ള സ്പേസ് എക്സ് കമ്പനിയാണ് സ്റ്റർഷിപ്പ് നിർമ്മിച്ചത്.

---

- **രോഗികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, കുട്ടികൾ എന്നിവരുടെ പരിചരണത്തിനായി കുടുംബശ്രീ ആരംഭിച്ച പദ്ധതി**
  കെ ഫോർ കെയർ

우주항공청

K4 CARE
A KUDUMBASHREE INITIATIVE